"ചെക്ക് പോസ്റ്റുകളിൽ ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം"

114 (3623) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് പോസ്റ്റുകളിൽ ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിൽ ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം 2012 ഓഗസ്റ്റ് മാസം 1-ാം തീയതി മുതൽ നടപ്പാക്കിയിട്ടുണ്ട്.

(ബി&സി) സിമെന്റ്, തടി, മലഞ്ചരക്ക് തുടങ്ങിയ Evasion Prone Products കൊണ്ടുപോകുന്നതിനാണ് ഡെലിവറി നോട്ട് ഉപയോഗിക്കുന്നത്. ഇത് Booklet ആയിട്ടായിരുന്നു നൽകിയിരുന്നത്. ഇതിൽ ദുരുപയോഗം ചെയ്യാനുള്ള സാധ്യത കൂടുതലുണ്ടായിരുന്നു. അതെപ്പോഴാണ് ഉപയോഗിച്ചതെന്ന് അസസ്സിംഗ് അതോറിറ്റിക്ക് ഉടനടി അറിയുവാൻ കഴിഞ്ഞിരുന്നില്ല. ഓൺലൈൻ ആക്കിയതോടുകൂടി കൃത്രിമം ചെയ്യാനുള്ള സാധ്യത ഇല്ലാതാവുകയും അസസ്സിംഗ് അതോറിറ്റിക്ക് യഥാസമയം പരിശോധന നടത്തുവാൻ കഴിയുകയും ചെയ്യുന്നു. കൂടാതെ ഓഫീസുകളിൽനിന്നും ഇത് കൈപ്പറ്റാനുള്ള കാലതാമസം ഒഴിവായി.

രാജധാനി ഹോട്ടൽ ഉടമയുടെ നികുതി കുടിശ്ശിക

115 (3624) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജധാനി ഹോട്ടൽ സമുച്ചയം ഉടമ ഡോ.ബിജു രമേശ്, സംതൃപ്തി, കിഴക്കേകോട്ട, തിരുവനന്തപുരം - ന്റെ പേരിൽ സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിൽ എത്ര കേസ്സുകൾ നിലവിലുണ്ട്; അവയുടെ കേസ് നമ്പർ അറിയിക്കുമോ; ഇവയിൽ സ്റ്റേയുള്ളവ എത്ര;

(ബി) പ്രസ്തുത കേസുകളിൽ എത്ര രൂപയാണ് പിരിച്ചെടുക്കുവാനുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി കേസ്സുകളിൽ കോടതി സ്റ്റേയുള്ളവ എത്ര; ഇത് എത്ര തുകയുടേതാണ്; ട്രിബ്യൂണൽ സ്റ്റേയുള്ളവ എത്ര; വിശദമാക്കാമോ:

(ഡി) പ്രസ്തുത വ്യക്തിയുടെ പേരിലുള്ള നികുതി കുടിശ്ശികയിൽ എത്ര തുക പിരിച്ചെടുത്തു; ശേഷിക്കുന്ന തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) രാജധാനി ഹോട്ടൽ സമുച്ചയം ഉടമ ഡോ. ബിജു രമേശ്, സംതൃപ്തി, കിഴക്കേകോട്ട, തിരുവനന്തപുരം - ന്റെ പേരിൽ വാണിജ്യ നികുതി വകുപ്പിൽ 3 കേസ്സുകൾ നിലവിലുണ്ട്. കേസ് നമ്പറുകൾ ചുവടെ ചേർക്കുന്നു:

1. STA - 32/14 dated 17/10/2014 - Deputy Commissioner (A), Thiruvananthapuram

2. STA - 31/14 dated 17/10/2014 - Deputy Commissioner (A), Thiruvananthapuram

3. TA (VAT) No. 1038/2012 dated 21/12/2012 - Appellate Tribunal

മുകളിൽ നൽകിയിരിക്കുന്ന 3 കേസ്സുകൾക്കും നിലവിൽ സ്റ്റേ ഉണ്ട്.

(ബി) പ്രസ്തുത കേസുകളിൽ പിരിച്ചെടുക്കുവാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഹോട്ടൽ ചോള ഇന്റർനാഷണൽ - 3,52,724 രൂപ
2. രാജധാനി ഹോട്ടൽ പ്രൈവറ്റ് ലിമിറ്റഡ് - 6,96,226 രൂപ
3. മൗര്യ രാജധാനി - 73,521 രൂപ.

(സി) ടി കേസ്സുകളിൽ കോടതി സ്റ്റേയുള്ളവ ഇല്ല. ടി കേസ്സുകളിൽ ട്രൈബ്യൂണൽ സ്റ്റേയുള്ളവ 1 എണ്ണം. TA(VAT) No. 1038/12 dated 21/12/2012 അനുസരിച്ച് മൗര്യ രാജധാനിയുടെ 2007-08 വർഷത്തെ നികുതി കുടിശ്ശിക തുകയായ 73,521 രൂപയ്ക്ക് സ്റ്റേ നിലനിൽക്കുന്നു.

(ഡി) പ്രസ്തുത വ്യക്തിയുടെ പേരിലുള്ള നികുതി കുടിശ്ശികയിൽ 523328 രൂപ പിരിച്ചെടുത്തു. ശേഷിക്കുന്ന തുക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിഘാതമായി ഡെപ്യൂട്ടി കമ്മീഷണർ അപ്പീലിന്റേയും ട്രൈബ്യൂണലിന്റേയും സ്റ്റേ നിലനിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly